# ഗവ. എന്‍ജിനീയറിംഗ് കോളേജ്, കോഴിക്കോട്

## നോട്ടീസ്

2017-18 അധ്യയനവര്‍ഷം ഒന്നാം വര്‍ഷ ബിടെക് ക്ലാസ്സുകളില്‍ പ്രവേശനം നേടിയ പട്ടികജാതിയില്‍ പെടുന്ന വിദ്യാര്‍ഥികള്‍ക്കു പഠനാവശ്യാര്‍ത്ഥം ലാപ്ടോപ് വാങ്ങുന്നതിന് പട്ടികജാതി വികസന വകുപ്പ് മുഖേന പരമാവധി 25000/- രൂപ നിരക്കില്‍ ധനസഹായം അനുവദിക്കുന്നു. താഴെ പറയുന്ന നിബന്ധനകള്‍ അനുസരിച്ചാണ് ധനസഹായം അനുവദിക്കുന്നത്.

1. ഒരു വിദ്യാര്‍ഥിക്കു തന്റെ പഠന കാലയളവില്‍ ഒരു പ്രാവശ്യം മാത്രമേ ആനുകൂല്യം അനുവദിക്കുകയുള്ളൂ. ആയതിനാല്‍ സര്‍ക്കാരിന്റെ മറ്റേതെങ്കിലും പദ്ധതിയില്‍ ഉള്‍പ്പെടുത്തി ലാപ്ടോപ്/ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായം ലഭിച്ചിട്ടുള്ളവര്‍ ഈ ആനുകൂല്യത്തിന് അര്‍ഹരല്ല. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളവര്‍ പഞ്ചായത്ത്,ബ്ലോക്ക്,ജില്ലാ പഞ്ചായത്ത് എന്നീ അധികാരികളില്‍ നിന്നും കോര്‍പ്പറേഷന്‍/ മുനിസിപ്പാലിറ്റി പരിധിയിലുള്ളവര്‍ അതത് അധികാരികളില്‍ നിന്നും ***ഇതേ വരെ ലാപ്ടോപ്/ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായം ലഭിച്ചിട്ടില്ല*** എന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള സര്‍ടിഫിക്കറ്റ് വാങ്ങി ഹാജരാക്കേണ്ടതാണ്.

2. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മേധാവി ഐ ടി മിഷനില്‍ നിന്നും ലഭ്യമാക്കിയ മിനിമം ടെക്നിക്കല്‍ സ്പെസിഫിക്കേഷനില്‍ കുറയാത്ത ലാപ്ടോപ്പായിരിക്കണം വിദ്യാര്‍ഥികള്‍ വാങ്ങേണ്ടത്. ഉയര്‍ന്ന സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ്പുകള്‍ വിദ്യാര്‍ഥികള്‍ക്ക് തിരഞ്ഞെടുക്കാവുന്നതാണ്. എന്നാല്‍ വകുപ്പ് വഴി **25000/-** രൂപ മാത്രമേ ലഭിക്കുകയുള്ളൂ. (സ്പെസിഫിക്കേഷന്‍ ഇതോടൊപ്പം ചേര്‍ത്തിരിക്കുന്നു)

3. ധനസഹായം അനുവദിക്കുന്നതിന് വിദ്യാര്‍ഥികള്‍ സ്വന്തം നിലയ്ക്ക് ലാപ്ടോപ് വാങ്ങേണ്ടതും ആയത് ഒറിജിനല്‍ ബില്ല് , സ്പെസിഫിക്കേഷന്‍ എന്നിവ സഹിതം ലാപ്ടോപ് പരിശോധിച്ച് സാക്ഷ്യപത്രം നല്‍കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്‍ മുമ്പാകെ ഹാജരാക്കി സാക്ഷ്യപത്രം വാങ്ങേണ്ടതുമാണ്. ലാപ്ടോപ് വാങ്ങുന്നതിന് സാമ്പത്തികപ്രയാസം അനുഭവിക്കുന്ന താഴ്ന്ന വരുമാനക്കാരായ വിദ്യാര്‍ഥികള്‍ക്ക് വരുമാന സര്‍ട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തില്‍ 75% അഡ്വാന്‍സ് തുക ആവശ്യമെങ്കില്‍ അനുവദിക്കുന്നതാണ്.

4. ലാപ്ടോപ് പദ്ധതിയുടെ ധനസഹായം ആവശ്യമില്ലാത്തവര്‍ അക്കാര്യം രേഖാമൂലം അറിയിക്കേണ്ടതാണ് .

വിദ്യാര്‍ഥികള്‍ വെള്ള പേപ്പറില്‍ എഴുതിയ അപേക്ഷ, ബില്ലിന്റെ പകര്‍പ്പ്, പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാപഞ്ചായത്ത്, നഗരസഭ എന്നിവിടങ്ങളില്‍ നിന്നും ലഭിച്ച സാക്ഷ്യപത്രം, ലാപ്ടോപ് പരിശോധിച്ചതിന്റെ സാക്ഷ്യപത്രം, സ്വന്തം പേരിലുള്ള ബാങ്ക് പാസ് ബുക്കിന്റെ ഒന്നാം പേജിന്റെ പകര്‍പ്പ് (അക്കൗണ്ട് ആധാറുമായി ബന്ധിപ്പിച്ചിരിക്കണം) എന്നിവ സഹിതം 2018 ജനുവരി 05 നകം കോളേജ് ഓഫീസില്‍ ലഭിച്ചിരിക്കേണ്ടതാണ്.

**<u>ലാപ്ടോപ് പരിശോധിച്ച് സാക്ഷ്യപത്രം നല്‍കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ വിലാസം</u>**

ശ്രീ. ശിവദാസന്‍ പി , കമ്പ്യൂട്ടര്‍ പ്രോഗ്രാമര്‍ ,CCF Lab,

ഗവ. എന്‍ജിനീയറിംഗ് കോളേജ്, കോഴിക്കോട്.

പ്രിന്‍സിപ്പാള്‍

Principal
Govt.Engg.College
West Hill,Kozhikode- 673005

GOVT. ENGINEERING COLLEGE
GOVT. OF KERALA
DEPT. OF TECH EDN.
KOZHIKODE

സ്ഥലം: കോഴിക്കോട്

തിയ്യതി: 28/11/2017

പകര്‍പ്പ് :

നോട്ടീസ് ബോര്‍ഡ് ,കോളേജ് വെബ് സൈറ്റ്